LIBRARY ARCHIVES Kerala Legislative Assembly

മലയാളം വിദ്വാന്മാർക്ക് ഹെഡ്മാസ്റ്ററായി പ്രമോഷൻ

75 [3058] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപ്പർ പ്രൈമറി സ്കൂളുകളിൽ എത്ര മലയാളം വിദ്വാന്മാർ ഇപ്പോൾ അദ്ധ്യാപകരായിട്ടുണ്ട്;

(ബി) ഇവർ സർക്കാർ മേഖലയിൽ എത്രയെന്നും എയ്ഡഡ് മേഖലയിൽ എത്രയെന്നും പ്രത്യേകം കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇവരിൽ എത്രപേർക്ക് ഹെഡ്മാസ്റ്റർ പ്രമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സേവനദൈർഘ്യം പരിഗണിച്ച് യോഗ്യരായ മലയാളം വിദ്വാന്മാരെയും ഹെഡ്മാസ്റ്റർ പ്രമോഷനു പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ ഏത് അനുപാതത്തിൽ ഇവർക്ക് പ്രൊമോഷൻ ലഭ്യമാകും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മലയാളം വിദ്വാൻ യോഗ്യതയുള്ള 415 പേർ ഇപ്പോൾ അദ്ധ്യാപകരായി ജോലി ചെയ്യുന്നുണ്ട്.

(ബി) 167 അദ്ധ്യാപകർ സർക്കാർ മേഖലയിലും 248 പേർ എയ്ഡഡ് മേഖലയിലും ജോലി ചെയ്യുന്നുണ്ട്.

(സി) സർക്കാർ മേഖലയിൽ ആർക്കും പ്രൊമോഷൻ നൽകിയിട്ടില്ല. എയ്ഡഡ് മേഖലയിൽ ഒരാൾക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ടി നിയമനം ചട്ടപ്രകാരമല്ലാത്തതിനാൽ റദ്ദു ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചട്ടപ്രകാരം പ്രസ്തുത നിയമനത്തിന് യോഗ്യതയുള്ളവർക്ക് ഹെഡ്മാസ്റ്ററായി പ്രൊമോഷൻ നൽകുന്നതിന് തടസ്സമില്ല.

(ഇ) നിലവിലുള്ള ചട്ടപ്രകാരം യോഗ്യതയുള്ളവർക്ക് സീനിയോറിറ്റി അനുസരിച്ച് ഒഴിവുവരുന്ന മുറയ്ക്ക് നിയമനം ലഭിക്കുന്നതാണ്.